**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2913** **13-10-2021 - ൽ മറുപടിയ്ക്ക്**

**ശുചിത്വ സാഗരം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ വി ജോയി,<br>ശ്രീമതി ദെലീമ,<br>ശ്രീ. എൻ.കെ. അക്ബർ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കടലിലും കടൽത്തീരത്തും അടിഞ്ഞുകൂടിയിട്ടുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നീണ്ടകര ഹാർബറിൽ ആരംഭിച്ച ശുചിത്വ സാഗരം പദ്ധതി സംബന്ധിച്ച് ലോക സാമ്പത്തിക ഫോറത്തിന്റെ വെബ്സൈറ്റിലും ഐക്യരാഷ്ട്രസഭയിലും ശ്ലാഘനീയമായ പരാമർശങ്ങൾ വന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുഴുവൻ ഹാർബറുകളിലും പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശുചിത്വ സാഗരം പദ്ധതി ഘട്ടംഘട്ടമായി മറ്റ് ഹാർബറുകളിൽ കൂടി നടപ്പാക്കുന്നത് പരിശോധിച്ച് വരുന്നു. |
| (ബി) | മത്സ്യത്തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും തൊഴിൽ നൽകുന്നതിനും അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും അതിലൂടെ അവരുടെ സാമൂഹ്യ ഉന്നമനം സാധ്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യം നേടാനാകുന്ന തരത്തിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിൽ ചെയ്യുന്നവരുടെയും സഹകരണത്തോടെയാണ് പദ്ധതി നീണ്ടകര ഹാർബറിൽ നടപ്പിലാക്കി വരുന്നത്. ഇതുമായി ബന്ധപ്പെട്ട് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവുമൺ (സാഫ്) -ന്റെ കീഴിലുള്ള ആക്ടിവിറ്റി ഗ്രൂപ്പിലെ 23 വനിതകൾ ദിവസവേതന അടിസ്ഥാനത്തിൽ നീണ്ടകര ഷ്രെഡിംഗ് യൂണിറ്റിൽ തൊഴിൽ ചെയ്തു വരുന്നു. കൂടാതെ രണ്ട് ജീവനക്കാർ കരാർ വ്യവസ്ഥയിൽ പദ്ധതിയുടെ ഭാഗമായി പ്രോസസിംഗ് യൂണിറ്റിൽ ജോലി ചെയ്തു വരുന്നുണ്ട്. 2017 നവംബറിൽ പദ്ധതി ആരംഭിച്ചതു മുതൽ 2021 ഓഗസ്റ്റ് വരെ 110.236 ടൺ ഉപേക്ഷിക്കപ്പെട്ട വലകൾ , പ്ലാസ്റ്റിക് റോപ്പുകൾ മറ്റ് പ്ലാസ്റ്റിക് ഇനങ്ങൾ എന്നിവ മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടെ കടലിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത ഷ്രെഡിംഗ് യൂണിറ്റിൽ സമീപ പഞ്ചായത്തുകളിൽ നിന്നും ശേഖരിച്ച 23.323 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങളും ഷ്രെഡിംഗിനായി ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം നീണ്ടകര യൂണിറ്റിൽ ലഭ്യമാക്കിയിട്ടുള്ള |

| | | | |
|---|---|---|---|
| | | | 133.556 ടൺ പ്ലാസ്റ്റിക് വെയ്സ്റ്റിൽ 90.351 ടൺ പ്ലാസ്റ്റിക് വെയിസ്റ്റുകളുടെ ഷ്രെഡിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ ഷ്രെഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. 78.848 ടൺ പ്ലാസ്റ്റിക് ഗ്രാന്യൂൾസ് കിലോയ്ക്ക് 22 രൂപ നിരക്കിൽ റോഡ് ടാറിംഗിന് PWD, HED, തദ്ദേശ സ്ഥാപനങ്ങൾ എന്നിവർക്ക് നൽകിയിട്ടുണ്ട്. പ്ലാസ്റ്റിക് ഗ്രാന്യൂളിന്റെ വിൽപനയിലൂടെ 21.470 ലക്ഷം രൂപയും പ്ലാസ്റ്റിക് ബോട്ടിൽസ്, നെറ്റ്, മറ്റിനങ്ങൾ എന്നിവയുടെ വിൽപനയിലൂടെ 2.8 ലക്ഷം രൂപയും വരുമാനമായി ലഭിച്ചിട്ടുണ്ട്. മേൽ പ്രവർത്തനങ്ങളിലൂടെ കടലിന്റെ അടിത്തട്ടിൽ അടിഞ്ഞു കൂടുന്ന അജൈവമാലിന്യങ്ങൾ ശേഖരിച്ച് ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനും അതു വഴി കടലിലെ മത്സ്യ സമ്പത്തിനെ സംരക്ഷിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം സംരക്ഷിക്കുന്നതിനും സാധ്യമാകുന്നു. |

സെക്ഷൻ ഓഫീസർ